TRINITY BULLETIN

School Newspaper –Wednesday, 11 September. 2024, Mavelikara
Vol 2. No.7, Page 1 of 4

WORDS OF WISDOM: "Whatsoever you do, do all to the glory of God." 1 Corinthians 10:31

## Teacher's Day at Trinity Adventist Academy

**05 September 2024, Mavelikara – Shalini Sreejith, Teacher.**



The celebration took place in the school auditorium on 5th September. Classes 5,6 and 7 students were assigned to be teachers for the day. Each student in these classes took on the role of a teacher and taught their fellow students. It was a great opportunity for the students to experience what it feels like to be a teacher and to showcase their knowledge. Syrah was selected as the head teacher for the day, Janice as Assistant Head Teacher and Parikshith as the Administrator. All the students did an exceptional job in their roles, ensuring that everything ran smoothly throughout the day. They also took on the responsibility to handling any administrative tasks that needed to be done. A special assembly was conducted on Teachers' Day, where all the teachers conducted the school assembly together. They organized various vibrant programs to make the event more effective. The assembly was a platform for the teachers to showcase their talents and skills outside of the classroom. In recognition of their hard work and dedication, the student teachers awarded the regular teachers with certificates of excellence. This gesture was a way for the students to show their appreciation and gratitude towards their teachers. Overall, the Teachers' Day celebration was a memorable and fun-filled day for everyone involved. It allowed the students to step into the shoes of their teachers and appreciate the hard work that goes into teaching. The event served as a reminder of the important role that teachers play in shaping the future of their students. It was fun for both teachers and students. The teachers put in a lot of effort to make the day special and enjoyable for everyone.

## Sri Krishna Jayanti

**30 August 2024, Mavelikara -- Devasree Nair A. S, Class 6**

We celebrated Sri Krishna Jayanti on 26th August this year. It is a festival to celebrate Lord Krishna's birth. Krishna is the eighth avatar of Vishnu. Krishna Jayanti is a time to honor Krishna's divine qualities, such as love, compassion, and service to others and to reaffirm one's faith. The festival also serves as a reminder of Krishna's teachings. During this day we wake up early and go to the temple. We spend the day preparing delicious snacks such as ladoos, pedas and put them in an earthen pot and cover it. There will be a temple procession in the evening and after that there will be "uriyadi". Many children come dressed as Krishna and Radha. Sweet filled earthen pots would be hung on rope and the "Krishnas" will try to break these pots and collect those sweets. This will be a memorable day for everyone as this was the day our little Krishna was born.

## Vocabulary Junction:

Write the meaning of the following words and use them in sentences. Handover your answers to your English teacher or class teacher. Remember to put your name, issue of the newspaper and date on the paper you hand it to the teacher. Have fun doing this exercise!

a. Nab/nabbed
b. Prominent
c. Reluctant
d. Looming
e. Dynamic

## Summer Olympics 2024

**21 August 2024, Mavelikara – Dhanwanth H**




The 2024 Summer Olympics, officially known as the Games of the XXXIII Olympiad and branded as Paris 2024, is an international multi-sport event held from July 24 to August 11, 2024, in France. The opening ceremony took place on July 26. Paris serves as the host city, with events also occurring in 16 other cities across Metropolitan France and a subsite in Tahiti, French Polynesia.

This marks the third time Paris has hosted the Summer Olympics, following the 1900 and 1924 Games, making it the second city, after London, to host the event three times (London hosted in 1908, 1948, and 2012). The theme of Paris 2024 is "Love and Shared Humanity," emphasizing global unity and connection through sports. The 2024 Summer Olympics in Paris presents a pivotal opportunity for India to showcase its growing athletic prowess. Building on the momentum from the 2020 Tokyo Olympics, where India secured seven medals, the country is poised to make a significant impact. India's key contenders, including Neeraj Chopra in javelin throw and PV Sindhu in badminton, are expected to lead the charge. The Indian hockey teams, both men's and women's, also hold strong prospects. Wrestling, shooting, and athletics are other disciplines where India is likely to make its mark.

## KL 31@Wayanad

**28 August 2024, Mavelikara -- Eswar Hari**

On Wednesday the 28th of August, under the leadership of Mavelikara RTO, the truck KL 31@ Wayanad was sent to Wayanad with all the school bag kits that were collected from different schools to support the young citizens of the landslide affected area. The truck was flagged off by MLA Arun Kumar, who praised the efforts of our school for contributing the largest number of kits with stationery items. This initiative is meant to help the children of Wayanad get back to their studies, providing them with the resources they need.

## Our Small Gifts Delivered to Wayanad

**27August 2024, Mavelikara -- Neha Jaleel**





On Tuesday, 27th August the RTO Office invited our Administrator, Abin Sir and Biju Sir for the inauguration of the journey to Wayanad, where disaster struck about a month ago. We sent our small gifts and our support to Wayanad. The Headmasters and Headmistresses from supporting schools in Mavelikkara were there at that meeting. About 350 kits were gifted from 15 schools in the area. Our MLA, Sri Arun Kumar Sir was the person who flagged off the journey. He appreciated our school, Trinity Adventist Academy also. He said that, around 66 bags were from Trinity Adventist Academy. After the inauguration and announcement, they started the journey. A big container with all the gifts was delivered to Wayanad on August 31. We all were very happy to participate in this project. Now the students in Wayanad will receive all the little gifts and letters showing our care and love.

**"Stand together and help others".**

## Ayyankali

**19 August 2024, Mavelikara –Dhawani Sarath, Class 5**

Mahatma Ayyankali was one of the first social reformers to come from a dalit family. He was born to parents, Ayyan and Mala. The cast discrimination he faced as a child turned him into a leader, often anti cast movement, and who later faught for basic rights, including access to public spaces and entry to schools. He was also one of the earliest labour leaders from Kerala and fought for the rights of agricultural labourers long before such movements or workers organizations came about politically.He founded the "Sadhujana Paripalana sangham".He passed away on 18 June 1941.

ജ്ഞാനത്തിൻ്റെ വാക്കുകൾ: "നിങ്ങൾ എന്തു ചെയ്താലും അതെല്ലാം ദൈവത്തിൻ്റെ മഹത്വത്തിനായി ചെയ്യുക." 1 കൊരിന്ത്യർ 10:31



## നമ്മുടെ ദേശീയ പുഷ്പമായ താമര നൽകുന്ന സന്ദേശം

**29 ആഗസ്റ്റ് 2024, മാവേലിക്കര - നേഹ ജലീൽ**

നമ്മുടെ ഭാരതത്തിന്റെ പ്രതിനിധിയാണ് താമര! അതിൽ നമുക്ക് അഭിമാനിക്കാം. ഇത്രത്തോളം ആകർഷകമായ മറ്റൊരു പുഷ്പം ഈ ലോകത്തിലില്ല. ആ പുഷ്പം നമുക്ക് വിലയേറിയ ഒരു സന്ദേശവും നൽകുന്നുണ്ട്: "എത്രയോ അഴുക്കുള്ള ചെളിയിൽ നിന്നും വളർന്നുവന്നാലും ഞങ്ങൾ പരിശുദ്ധിയുള്ളവരായിരിക്കുന്നതുപോലെ നിങ്ങളും ഏത് സാഹചര്യത്തിൽ ജീവിച്ചാലും നല്ലവരായിരിക്കൂ...."

## അയ്യങ്കാളി ജയന്തി

**1 സെപ്റ്റംബർ 2024, മാവേലിക്കര**
**അനാമിക സനൂപ്**



എല്ലാവർഷവും ആഗസ്റ്റ് 28നാണ് കേരളത്തിൽ അയ്യങ്കാളി ജയന്തി ആഘോഷിക്കുന്നത്. 1963ൽ ജനിച്ച സാമൂഹ്യ പരിഷ്കർത്താവായ അയ്യങ്കാളിയുടെ ജന്മദിന സ്മരണയാണ് ഇത്. രാഷ്ട്രീയനേതാവ്, പ്രമുഖ സാമൂഹ്യ പരിഷ്കർത്താവ് , വിദ്യാഭ്യാസവിചക്ഷണൻ, സാമ്പത്തിക വിദഗ്ധൻ ,നിയമനിർമ്മാതാവ് ,വിപ്ലവ നേതാവ് എന്നീ നിലകളിൽ അദ്ദേഹം ശോഭിച്ചിരുന്നു. നാട്ടുരാജ്യമായ തിരുവിതാംകൂറിലെ അടിച്ചമർത്തപ്പെട്ട ജനതയുടെ പുരോഗതിക്കായി അദ്ദേഹം പ്രവർത്തിച്ചു .അദ്ദേഹത്തിൻറെ പോരാട്ടം, കേരളത്തിൻറെ സാമൂഹ്യ രാഷ്ട്രീയ ഘടനയെ മെച്ചപ്പെടുത്തുന്ന നിരവധി മാറ്റങ്ങൾക്ക് കാരണമായി.

## ശ്രീകൃഷ്ണജയന്തി

**2 സെപ്റ്റംബർ 2024, മാവേലിക്കര - ഈശ്വർ ഹരി**

ഭഗവാൻ ശ്രീ കൃഷ്ണൻറെ ജന്മദിനമാണ് നാം ശ്രീകൃഷ്ണജയന്തിയായി ആഘോഷിക്കുന്നത്. കഴിഞ്ഞ ആഗസ്റ്റ് 26ന് ആയിരുന്നു ശ്രീകൃഷ്ണജയന്തി. അന്ന് മാവേലിക്കരയിലെ എല്ലാ ക്ഷേത്രങ്ങളിൽ നിന്നും ഓരോ ശോഭാ യാത്രകൾ ഉണ്ടായിരുന്നു. കൊച്ചു കുട്ടികൾ ശ്രീകൃഷ്ണവേഷം കെട്ടിയ കാഴ്ചകൾ അതിമനോഹരമായിരുന്നു. ശോഭ യാത്രകൾ മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ സംഗമിച്ചു .ശോഭയാത്ര എത്തിക്കഴിഞ്ഞ് ഏകദേശം ആറര മണിയോടെ അവിടെ പൂജയുണ്ടായിരുന്നു .എല്ലാവർക്കും ആവേശവും ആഹ്ലാദവും പകർന്ന ഉറിയടിയായിരുന്നു അടുത്ത ചടങ്ങ്. ഈ വർഷം ഉറികൾ കുറവായിരുന്നു. അതീവ രമണിയമായ കാഴ്ചകൾ കണ്ടതിനുശേഷം രാത്രി 10 മണിയോടെ ഞങ്ങൾ വീട്ടിൽ തിരികെ എത്തി.

## അധ്യാപക ദിനം

**6 സെപ്റ്റംബർ 2024, മാവേലിക്കര**
**സൂര്യദേവി എസ്, അധ്യാപിക**

ഒരു രാജ്യത്തിൻറെ ഭാവി അവിടുത്തെ കുട്ടികളുടെ കൈകളിലാണെന്ന് പറയാറുണ്ട്. നമ്മുടെ മുന്നിൽ എത്തുന്ന ഓരോ കുട്ടികളെയും ,നമ്മുടെ നാടിൻറെ വിധി നിർണയിക്കുന്ന നേതാക്കാളായി, മികച്ച പൗരന്മാരായി രൂപപ്പെടുത്താൻ ഒരു നല്ല അധ്യാപകന് സാധിക്കും. വിദ്യാർത്ഥികൾക്ക് അറിവും മൂല്യവും പകർന്നു നൽകി ,ഭാവി സമൂഹം രൂപപ്പെടുത്തുന്നതിന് അധ്യാപകർ നിർണായക പങ്കുവഹിക്കുന്നു.
ഡോ. സർവ്വേപ്പള്ളി രാധാകൃഷ്ണന്റെ ജന്മദിനമായ സെപ്റ്റംബർ 5 ആണ് ഇന്ത്യയിൽ അധ്യാപകദിനമായി ആചരിക്കുന്നത്. പ്രശസ്ത പണ്ഡിതനും, തത്വചിന്തകനും ഭാരതരത്ന ജേതാവുമായ ഡോ എസ് രാധാകൃഷ്ണൻ ഇന്ത്യയുടെ ആദ്യത്തെ ഉപരാഷ്ട്രപതിയും രണ്ടാമത്തെ രാഷ്ട്രപതിയുമാണ്. വിദ്യാർത്ഥികളുടെ ജീവിതത്തിൽ, അധ്യാപകർ വഹിക്കുന്ന സുപ്രധാന പങ്കിനെ ബഹുമാനിക്കുവാനും, അംഗീകരിക്കാനും ഉള്ള അവസരമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ ദിനം

ഉപയോഗപ്പെടുത്തുന്നു. അധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള ഊഷ്മളമായ ബന്ധം ആഘോഷിക്കുന്നതിനും ആസ്വദിക്കുന്നതിനും ഉള്ള അസുലഭ അവസരങ്ങൾ ആവട്ടെ ഓരോ അധ്യാപക ദിനവും എന്ന് ഞാൻ ആത്മാർത്ഥമായി ആശംസിക്കുന്നു.

## പ്രഥമ ശുശ്രൂഷ

**19 ആഗസ്റ്റ് 2024, മാവേലിക്കര**
**ദേവശ്രീ നായർ എ. എസ് ,ക്ലാസ് 6**

സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി ഡോക്ടർ അരുൺ മാമൻ ചെറിയാൻ, ഡോക്ടർ ശാലു സൂസൻ മാത്യു, ഡോക്ടർ ജയശങ്കർ എന്നിവരുടെ നേതൃത്വത്തിൽ പ്രഥമ ശുശ്രൂഷ ക്ലാസ് നടത്തുകയുണ്ടായി. ആശുപത്രിയിൽ എത്തിക്കുന്നതിനു മുൻപ്, പരിക്കേറ്റ് അപകടത്തിൽപ്പെട്ടയാൾക്ക് നൽകുന്ന ശുശ്രൂഷ എന്താണെന്ന് ലളിതമായി നിർവചിക്കാം.

**പ്രഥമ ശുശ്രൂഷയുടെ ലക്ഷ്യങ്ങൾ.**

1.ജീവൻ നിലനിർത്തുക.
2 രോഗിയുടെ നില കൂടുതൽ ഗുരുതരം ആകാതിരിക്കാൻ സഹായിക്കുക.
3.ആരോഗ്യം വീണ്ടെടുക്കാൻ സഹായിക്കുക.

**ആർക്കൊക്കെ പ്രഥമ ശുശ്രൂഷകർ ആകാം.**

പരിശീലനം ലഭിച്ച ഏതൊരു വ്യക്തിക്കും പ്രഥമ ശുശ്രൂഷ നൽകാം.

### ഹൃദയസ്തംഭനം

ഹൃദയത്തിലേക്കുള്ള രക്തവിതരണത്തിന്റെ അഭാവം കാരണമാണ് ഹൃദയസ്തംഭനം ഉണ്ടാകുന്നത്. നെഞ്ചുവേദന,സമ്മർദ്ദം, കൈകളിലേക്കോ കഴുത്തിലേക്കോ, താടി എല്ലിലേക്കോ, പുറകിലേക്കോ പടരുന്ന വേദന എന്നിവയാണ് ലക്ഷണങ്ങൾ. ഇത് കാരണം ഹൃദയം നിന്ന് പോകുന്ന അവസ്ഥ സംഭവിക്കാം.ഈ അപകടാവസ്ഥ മനസ്സിലാക്കി എത്രയും വേഗത്തിൽ സി.പി.ആർ ആരംഭിച്ചാൽ ജീവൻ രക്ഷിക്കാൻ ഒരു പരിധി വരെ സാധിക്കുന്നു.

**എങ്ങനെ സി.പി.ആർ നൽകാം ?**

* ആദ്യം രോഗിയെ സുരക്ഷിതസ്ഥാനത്ത് മലർത്തി കിടത്തണം. ശക്തിയായി തട്ടി വിളിച്ച് രോഗി പ്രതികരിക്കുന്നുണ്ടോ എന്ന് നോക്കണം.
* സഹായത്തിനായി ആംബുലൻസ് വിളിക്കണം.
* രോഗി ശ്വാസമെടുക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. അപ്പോൾ തന്നെ കഴുത്തിൽ പൾസ് കിട്ടുന്നുണ്ടോ എന്ന് നോക്കണം.
* പൾസും, ശ്വാസവും ഇല്ല എങ്കിൽ സി.പി. ആർ ആരംഭിക്കണം.
* രോഗിയുടെ നെഞ്ചിന് നടുക്കുള്ള അസ്ഥിയിൽ വലത് കൈപ്പത്തി താഴ്ഭാഗത്തും, ഇടത് കൈപ്പത്തി, വലതു കൈപ്പത്തിയുടെ മുകൾഭാഗത്തും വരത്തക്ക വിധം ശക്തിയായി താഴേക്ക് അമർത്തണം. കൈമുട്ടുകൾ നീട്ടി തന്നെ ആയിരിക്കണം അമർത്തേണ്ടത്.
* 30 തവണ ഇങ്ങനെ ചെയ്തതിനുശേഷം രണ്ട് തവണ കൃത്രിമശ്വാസം നൽകണം.
* രോഗിയുടെ മുഖം പൊക്കി വെച്ച് ചുണ്ടുകൾക്ക് മുകളിൽ ചുണ്ട് ചേർത്ത് വച്ചുകൊണ്ടാണ് കൃത്രിമ ശ്വാസം നൽകേണ്ടത്. അത് സാധ്യമായില്ലെങ്കിൽ കുഴലുള്ള മുഖാവരണം ഉപയോഗിച്ച് കൃത്രിമ ശ്വാസം നൽകാവുന്നതാണ്.
* സഹായം ലഭിക്കുന്നത് വരെ ഇത് തുടരണം.

## ഓണാഘോഷം.

**10 സെപ്റ്റംബർ 2024, മാവേലിക്കര**
**എബിൻ ഡേവിഡ് (അഡ്മിനിസ്ട്രേറ്റർ)**



കേരളത്തിൽ ആഘോഷിക്കപ്പെടുന്ന ഏറ്റവും വലിയ ഉത്സവങ്ങളിൽ ഒന്നാണ് ഓണം. ഇത് വിളവെടുപ്പിന്റെ ഉത്സവം കൂടിയാണ്. മഹാബലിയുടെ സദ്ഭരണത്തിന്റെ ഓർമ്മക്കായാണ് ഈ ആഘോഷം കൊണ്ടാടുന്നത്. ലോകത്തിന്റെ നാനാഭാഗത്തുമുള്ള മലയാളികൾ ജാതിമത ഭേദമന്യേ ഈ ഉത്സവം ആഘോഷിക്കുന്നു. ചിങ്ങമാസത്തിലെ അത്തം മുതൽ തുടങ്ങുന്ന ഓണാഘോഷം തിരുവോണം നാളിൽ പ്രാധാന്യത്തോടെ ആഘോഷിക്കുകയും ചെയ്യുന്നു. നമ്മുടെ സ്കൂളിലെ ഓണാഘോഷം ഈ മാസം 13 വെള്ളിയാഴ്ച നടത്തുന്നതായിരിക്കും, അന്നേ ദിവസം സ്കൂൾ ഓണാവധിക്കായി അടക്കുകയും സെപ്റ്റംബർ 23, തിങ്കളാഴ്ച അവധിക്ക് ശേഷം സ്കൂൾ തുറക്കുകയും ചെയ്യുന്നതായിരിക്കും.